(ബി) ഇക്കാര്യത്തിൽ ലഭിച്ചിട്ടുള്ള നിവേദനങ്ങളിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങളുടെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

പുല്ലമ്പാറ വില്ലേജിലെ 57/16 സർവ്വേ നമ്പരിൽ ഭൂമി പതിച്ചുകിട്ടുന്നതിനായി ശ്രീ. കെ. ബാബു സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി

195(3117) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിൽ പുല്ലമ്പാറ വില്ലേജിൽ ശ്രീമതി തേവി ചെറുപെണ്ണ്, മലവിള പുത്തൻവീട്, പുലയരുകുന്ന്, പുല്ലമ്പാറ എന്നയാൾക്ക് പുല്ലമ്പാറ വില്ലേജിലെ 57/16 സർവ്വേ നമ്പരിൽപ്പെട്ട എത്ര ഭൂമിയാണ് പാട്ടത്തിന് നൽകിയിരുന്നത് ; എന്നുമുതൽക്കാണ് പാട്ടം പ്രാബല്യത്തിൽ വന്നത് ; എത്ര നാളത്തേക്കാണ് പാട്ടത്തിന് നല്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പാട്ടത്തിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) ശ്രീമതി തേവി ചെറുപെണ്ണ് 26-3-2000-ൽ മരണപ്പെട്ടതിനുശേഷം ഇവരുടെ മകനായ ശ്രീ. കെ. ബാബു പുലയരുകുന്ന് തടത്തരികത്ത് പുത്തൻവീട്, വെള്ളൂമണ്ണാടി. പി.ഒ. എന്നയാൾ പാട്ടക്കുടിശിക അടച്ചിട്ടുണ്ടോ ; നിലവിൽ ഈ ഭൂമിക്ക് പാട്ടക്കുടിശികയുണ്ടോ എന്നുള്ള വിവരം അറിയിക്കുമോ ;

(ഡി) ശ്രീമതി തേവി ചെറുപെണ്ണിന്റെ കാലശേഷം ഇവരുടെ മകനായ ശ്രീ. കെ. ബാബുവിന് പ്രസ്തുത ഭൂമി കൈവശം വച്ച് അനുഭവിക്കുന്നതിന് തടസ്സമുണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ഇ) സംസ്ഥാന സർക്കാരിന്റെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015-ന്റെ ആവശ്യത്തിനായി പ്രസ്തുത 57/16 സർവ്വേ നമ്പർ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ ; എങ്കിൽ ഇത് ആർക്കൊക്കെയാണ് നൽകിയിട്ടുള്ളതെന്നും എത്ര വീതമാണ് നല്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത ഭൂമി പതിച്ചുകിട്ടുന്നതിനായി ശ്രീ. കെ. ബാബു അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; ഇതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;

(ജി) വർഷങ്ങളായി കൈവശംവച്ച് ദേഹണ്ഡിച്ച് പരിപാലിച്ചുവന്ന പ്രസ്തുത ഭൂമി ശ്രീ. കെ ബാബുവിന് പതിച്ചു നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; മറ്റ് വസ്തുവകകളൊന്നുമില്ലാത്ത പട്ടികജാതിയിൽപ്പെടുന്ന ഇദ്ദേഹത്തിന് മാനുഷിക പരിഗണന നൽകി ടി ഭൂമി പതിച്ചു നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 16 സെന്റ് ഭൂമിയാണ് 1985 മുതൽ 1990 വരെ പാട്ടത്തിന് നൽകിയിരുന്നത്.

(ബി) പാട്ടവ്യവസ്ഥകൾ ഇപ്രകാരമാണ് :

1. ഏതാവശ്യത്തിനാണോ പാട്ടം അനുവദിച്ചിട്ടുള്ളത്, പ്രസ്തുത ആവശ്യത്തിന് മാത്രമേ പാട്ട ഭൂമി ഉപയോഗിക്കുവാൻ പാടുള്ളൂ. കൂടാതെ ടി പാട്ട ഭൂമി മറ്റാർക്കും കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല.
2. പാട്ടത്തുക എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി മുൻകൂറായി കൊടുക്കേണ്ടതാണ്.
3. സർക്കാരിന്റെ മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി പാട്ട വസ്തു ആവശ്യമായി വന്നാൽ ടി ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതായിരിക്കും.

(സി) അടച്ചിട്ടുണ്ട്. നിലവിൽ പാട്ടക്കുടിശ്ശികയില്ല.

(ഡി) പാട്ടം കാലഹരണപ്പെട്ടതിനാൽ പാട്ടഭൂമി തിരിച്ചെടുത്ത സീറോ ലാന്റ് ലെസ് പദ്ധതി പ്രകാരം 5 പേർക്ക് ടി ഭൂമി പതിച്ചുനൽകിയിട്ടുണ്ട്.

(ഇ) സർവ്വെ നം.57/16 -ൽ ഉൾപ്പെട്ട പ്രസ്തുത ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി ഏറ്റെടുത്ത് 3 സെന്റ് വീതം സുധ, മുരുകാലയം, പുല്ലമ്പാറ; സരസു, പുല്ലമ്പാറ; റീസ, മാണിക്യത്തിൽ വീട്, ആലമുക്ക്; ഇവാഞ്ചലി, ഇമ്പപ്പുറത്ത് വീട്; ഓമന, ചരിവിള പുത്തൻവീട് എന്നിവർക്ക് പതിച്ചുനൽകിയിട്ടുണ്ട്.

(എഫ്) പ്രസ്തുത ഭൂമി പതിച്ചുകിട്ടുന്നതിനായി ശ്രീ.കെ.ബാബു, നെടുമങ്ങാട് തഹസീൽദാർക്ക് അപേക്ഷ സമർപ്പിക്കുകയും ടിയാന്റെ പേരിൽ പതിവ് ഭൂമിയുള്ളതിനാൽ നിലവിലെ നിയമപ്രകാരം ടിയാന് ഭൂമി പതിച്ച് നൽകുന്നതിന് നിർവ്വാഹമില്ല എന്ന വിവരം കക്ഷിയെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ശ്രീ. ബാബു 23-12-2013-ൽ ഭൂമി പതിച്ചുനൽകുന്നതിന് സമർപ്പിച്ച അപേക്ഷയിൽ ടിയാന് 5 സെന്റ് ഭൂമി കൈവശമുണ്ടെന്ന് ബോദ്ധ്യപ്പെടുത്തിയാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കൂടാതെ 2003 ഒക്ടോബർ 31-ന് റീ-സർവ്വെ റിക്കാർഡുകൾ പുല്ലമ്പാറ വില്ലേജിൽ നിലവിൽ വന്നതിനാൽ ടി പാട്ടഭൂമിയും ടിയാളുടെ പട്ടയഭൂമിയും ഒന്നായി ബ്ലോക്ക് നം.23-ൽ റീ-സർവ്വെ നമ്പർ 57/16-ൽ 0.09.85 ആർ ഹെക്ടർ സ്ഥലം 683-ാം നമ്പർ തണ്ടപ്പേരിൽ നെല്ലനാട് മുറിയിൽ മലവിള പുത്തൻവീട്ടിൽ കുമ്പൻ സുന്ദരേശൻ, കുമ്പൻ ബാബു, തേവി ചെറുപെണ്ണ് എന്നിവർ പേരിൽ തണ്ടപ്പേർ പിടിച്ചിട്ടുള്ളതുമാണ്. 27-7-2011-ലെ ജി.ഒ. (എംഎസ്.)280/2011/റവ. നമ്പർ ഉത്തരവ് പ്രകാരം ഭൂമി പതിച്ച് നൽകുന്നതിന് ഭൂരഹിതരായവർക്ക് വീട് നിർമ്മിക്കുന്നതിന് മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതിനാലും ടി ഭൂമി ഭൂരഹിതരില്ലാത്ത കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 5 പേർക്ക് പട്ടയം നൽകുന്നതിനാലും ശ്രീ.ബാബുവിന് ടി ഭൂമി പതിച്ചുനൽകാൻ നിർവ്വാഹമില്ല.

River Management Fund ഉപയോഗിച്ച് ഗായത്രി പുഴ സംരക്ഷിക്കുന്നതിന് നടപടി

196(3119) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ River Management Fund ഉപയോഗിച്ച് ഗായത്രി പുഴ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ;

(ബി) ആലത്തൂർ മേഖലയിൽ ഗായത്രിപ്പുഴയോരത്ത് പുഴ പുറമ്പോക്ക് കയ്യേറ്റം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഗായത്രി പുഴയോരത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി പുഴയോരങ്ങൾ സർവ്വേ നടത്തി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ആലത്തൂർ മേഖലയിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ ;

(ഇ) ഈ സാമ്പത്തിക വർഷം River Management Fund-ൽ നിന്നും പാലക്കാട് ജില്ലയിൽ എത്ര തുക ചെലവഴിച്ചു ; ഏതൊക്കെ പദ്ധതികൾക്കാണ് തുക ചെലവഴിച്ചത് ; പദ്ധതി തിരിച്ച് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly